പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 6

# 2016-ലെ കേരള സംസ്ഥാന ബാർ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. അൻവർ സാദത്ത്, എം. എൽ. എ. നോട്ടീസ് നൽകിയത്)

610/2016.

# 2016-ലെ കേരള സംസ്ഥാന ബാർ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. അൻവർ സാദത്ത്, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ ഹോട്ടലുകളിലെ ബാറുകൾ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെയും ആശ്രിതരുടെയും ജീവിതചെലവ്, കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ എന്നിവ ഉറപ്പുവരുത്തുവാൻ വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് ബാറുകൾ അടച്ചുപൂട്ടിയതുമൂലം ഈ മേഖലയിൽ ജോലി ചെയ്തിരുന്ന ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടതുമൂലം ഉണ്ടാകുന്ന പ്രയാസങ്ങളും വിഷമതകളും പരിഹരിക്കുന്നതിനുവേണ്ടി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള സംസ്ഥാന ബാർ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കും.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ബി) "വകുപ്പ്" എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

610/2016.

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടായിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(ഡി) "ക്ഷേമനിധി" എന്നാൽ പ്രത്യേക ഉദ്ദേശ്യലക്ഷ്യ നിർവ്വഹണത്തിനായി സർക്കാർ രൂപീകരിക്കുന്ന ഒരു ബോർഡ് അഥവാ ഒരു സമിതി എന്നർത്ഥമാകുന്നു;

(ഇ) "ക്ഷേമനിധി ബോർഡ്" എന്നാൽ ഹോട്ടലുകളിലെ ബാറുകൾ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെയും ആശ്രിതരുടെയും ക്ഷേമത്തിനും മെച്ചപ്പെട്ട ജീവിത അവസ്ഥയ്ക്കുംവേണ്ടി യുക്തമായ നടപടികൾ ആലോചിച്ച് കൈക്കൊള്ളുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിലേക്ക് സമർപ്പിക്കുവാനും അധികാരപ്പെട്ട കേന്ദ്രം എന്നർത്ഥമാകുന്നു;

3. <u>ക്ഷേമനിധി ബോർഡ് രൂപീകരണം.</u>—(1) സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനംവഴി സംസ്ഥാന ബാർതൊഴിലാളി ക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

(2) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

(എ) തൊഴിൽ, എക്സൈസ് മന്ത്രിമാർ;

(ബി) തൊഴിൽ, എക്സൈസ് വകുപ്പ് സെക്രട്ടറിമാർ;

(സി) ചെയർമാൻ;

(ഡി) കാര്യനിർവ്വഹണാധികാരത്തോടുകൂടിയ മാനേജിംഗ് ഡയറക്ടർ;

(ഇ) സർക്കാർ നോമിനേറ്റ് ചെയ്യുന്ന പ്രതിനിധികൾ.

4. <u>ബോർഡിന്റെ പ്രവർത്തനം.</u>—(1) ക്ഷേമനിധി ബോർഡ് അഥവാ സമിതിയുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ നിയമനം സർക്കാർ ചട്ടപ്രകാരം നടത്തേണ്ടതാണ്.

(2) ക്ഷേമനിധി ബോർഡിന് ജില്ലാടിസ്ഥാനത്തിൽ ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്. ജില്ലാ ലേബർ ആഫീസറുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യക്ഷേമ വകുപ്പ് ആഫീസർ, സർക്കാർ ഉദ്ദേശിക്കുന്ന മറ്റംഗങ്ങൾ എന്നിവർ ഉപസമിതിയിൽ അംഗങ്ങൾ ആയിരിക്കും.

(3) ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ ഉത്ഭവിക്കുവാൻ സാധ്യതയുള്ള തർക്കങ്ങളും പ്രശ്നങ്ങളും ഈ ഉപസമിതി പരിഹരിക്കേണ്ടതാണ്.

(4) സംസ്ഥാന ക്ഷേമനിധി ബോർഡ് ആയിരിക്കും പ്രസ്തുത സമിതിയുടെ അപ്പലേറ്റ് അതോറിറ്റി.

5. <u>സമിതിയുടെ കർത്തവ്യങ്ങൾ.</u>—(1) സർക്കാർ തീരുമാനപ്രകാരം ബാർ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെടുകയും മറ്റ് തൊഴിൽ മേഖലകളിൽ നൈപുണ്യം ഇല്ലാതിരിക്കുകയും ചെയ്യുന്ന ബാർ തൊഴിലാളികളെയും ആശ്രിതരെയും കണ്ടെത്തുകയും അവരുടെ വിദ്യാഭ്യാസം, വിവാഹം, ആരോഗ്യപരിരക്ഷ എന്നിവയ്ക്ക് സഹായം നൽകുകയും ചെയ്യുക.

(2) കരാർ തൊഴിലാളികളായിരുന്ന ബാർ ജീവനക്കാർക്കും ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

(3) ബാർ ഉടമകൾ/കമ്പനി ഉടമകൾ/ബാർ സ്ഥാപന ഉടമ എന്നിവരിൽ നിന്നും തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനത്തിന് സഹായകരമല്ലാത്ത നിലപാടുകൾ ഉണ്ടായാൽ അതിൽ ഇടപെടുവാനും നിയമപരമായ പരിഹാരം കാണുവാനും എല്ലാ അധികാരവും അവകാശവും ക്ഷേമനിധി ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.

(4) തൊഴിൽ നഷ്ടപ്പെടുന്ന ബാർ തൊഴിലാളികൾക്ക് പെൻഷൻ, മക്കളുടെ പഠനം, വിവാഹം, കുടുംബാംഗങ്ങളുടെ ആരോഗ്യപരിരക്ഷ എന്നിവയ്ക്ക് മുൻഗണന നൽകി അവതരിപ്പിക്കുന്ന ക്ഷേമപദ്ധതികൾ നടപ്പിലാക്കുക.

(5) തൊഴിലാളികൾ ജോലിചെയ്തിരുന്ന ബാറിന്റെ ഉടമ/കമ്പനി ഉടമ/ബാർ സ്ഥാപന ഉടമ എന്നിവരിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിഹിതം, സർക്കാർ നിശ്ചയിക്കുന്ന പ്രകാരം രൂപീകരിക്കുന്ന ക്ഷേമനിധി ഫണ്ട്, മറ്റ് സാമ്പത്തിക വരുമാനമാർഗ്ഗങ്ങൾ എന്നിവയിലൂടെയായിരിക്കണം ക്ഷേമനിധി ബോർഡിന്റെ കാലാകാലങ്ങളായുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത്.

(6) ക്ഷേമനിധിയിൽ അംഗങ്ങളായ മുൻ ബാർ തൊഴിലാളികൾക്ക് മറ്റ് വരുമാന മാർഗ്ഗങ്ങൾ ഉണ്ടാകുവാൻ പാടില്ലാത്തതാണ്. ഇത് തിട്ടപ്പെടുത്തുവാൻ മാർഗ്ഗനിർദ്ദേശങ്ങൾ സമിതിക്ക് തീരുമാനിക്കാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ബാറുകൾ നിർത്തലാക്കിയതുമൂലം 50000 തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുമെന്നാണ് കണക്കാക്കുന്നത്. ഇവരുടെയും ആശ്രിതരുടെയും ജീവിതം സർക്കാർ നടപടിമൂലം വഴിമുട്ടുവാൻ പാടില്ല. നമ്മുടെ നാട്ടിലെ പൗരൻമാർ എന്ന നിലയിൽ അവർക്ക് അന്തസ്സായും ആത്മാഭിമാനത്തോടെയും ജീവിക്കുവാൻ അവസരം ഉണ്ടാകേണ്ടതാണ് എന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുവാനായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ക്ഷേമനിധി ബോർഡ് നിലവിൽവരികയും പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് എത്രമാത്രം സാമ്പത്തിക ബാധ്യത വരികയുള്ളൂ എന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും പ്രാരംഭനടപടികൾക്കായി 25 ലക്ഷം രൂപ സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഇതിലെ വ്യവസ്ഥപ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്നതായ ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കുവാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനും റദ്ദാക്കാനുമുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കുവേണ്ടിയാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

**അൻവർ സാദത്ത്,** എം.എൽ.എ.